# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

കല്ലുവാതുക്കൽ പി.ഒ., കൊല്ലം – 691 578
e-mail: kalluvathukkalgp@gmail.com

നമ്പർ: SC3-494/24 തീയതി: 17-05-2024

പ്രേഷകൻ
സെക്രട്ടറി
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
ബഹു. പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ഉചിത മാർഗ്ഗേന)

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് – കെട്ടിട നിർമ്മാണ പെർമിറ്റിന് ശ്രീ. രത്നാകരൻപിള്ള എന്നവർ സമർപ്പിച്ച അപേക്ഷ – ചട്ട ലംഘനത്തിന് ഇളവ് ആവശ്യപ്പെട്ടത് സംബന്ധിച്ച്.

സൂചന :
1. ശ്രീ. രത്നാകരൻപിള്ള 11-01-2024ൽ സമർപ്പിച്ച 494/24 നമ്പ അപേക്ഷ.
2. ശ്രീ. രത്നാകരൻപിള്ള 15-02-2024ൽ നൽകിയ അപേക്ഷ.
3. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-03-2024ലെ 5(3) നമ്പർ തീരുമാനം, 13/05/2024 ലെ 1/4 നമ്പർ തീരുമാനം
4. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12-04-2024ലെ A1-1020/AEE/LSGD/1BP-2021-22 നമ്പർ കത്ത്.

ശ്രീ. രത്നാകരൻപിള്ള എന്നവർ സൂചന (1) പ്രകാരം 238 m2 ഉള്ള ഒരു കൊമേഴ്സ്യൽ കെട്ടിടത്തിന്റെ പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ 28-10-2023-ൽ ടിയാന്റെ പെർമിറ്റിന് അപേക്ഷിച്ചിരിക്കുന്ന പുരയിടത്തിൽ നിന്നും (135, 27/1) 35 ച.മീറ്റർ പുരയിടം ദാനാധാരമായി (ആധാരം – 2543 തീയതി 28-10-2023) രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പരിശോധിച്ച ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഓവർസിയർ ഭൂമി സൗജന്യമായി വിട്ടുനൽകിയിട്ടുള്ള ഭാഗമാണ് കെട്ടിടത്തിന്റെ മുൻഭാഗം വരുന്നത്. ആയതിനാൽ ചട്ടം 26 (ടേബിൾ 4) പ്രകാരം 3 മീറ്റർ ഫ്രണ്ട് യാഡ് ആവശ്യമാണ്. എന്നാൽ നിലവിൽ 1.5 മീറ്റർ ആണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ ചട്ടം 62 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് ചട്ടം 65 പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഓവർസിയറുടെ റിപ്പോർട്ടിന്മേൽ റൂൾ 65 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുമതി നൽകാവുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ

ILGMS മുഖേന കുറിപ്പ് നൽകുകയും ചെയ്തു. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-03-2024ലെ 5(1) നമ്പർ തീരുമാനപ്രകാരം റൂൾ 65 പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ച് തീരുമാനം എടുക്കുകയും ടി കമ്മിറ്റിയിലെ അംഗങ്ങൾക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ആയത് പ്രകാരം കത്ത് നൽകിയതിന്മേൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സൂചന (4) പ്രകാരം ഗ്രാമപഞ്ചായത്തിലെ ആവശ്യത്തിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ. രത്നാകരൻപിള്ള ഗ്രാമപഞ്ചായത്തിന് ദാനാധാരമായി വസ്തു കൈമാറിയിട്ടുള്ളതാണ്. ആയതിനാൽ KPBR 2019 ചട്ടം 62 പ്രകാരമുള്ള ഇളവ് ലഭിക്കുന്നതിന് അർഹതയുണ്ട്. ടി സാഹചര്യത്തിൽ 13/05/2024 തീയതി നടന്ന കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1/4 നമ്പർ തീരുമാന പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ആവശ്യത്തിനായി KPBR 2019 റൂൾ 65 പ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം :

1. ശ്രീ. രത്നാകരൻപിള്ളയുടെ 15-02-2024ലെ അപേക്ഷ.
2. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-03-2024ലെ 5(3) നമ്പർ തീരുമാനം, 13/05/2024 ലെ 1/4 നമ്പർ തീരുമാനം
3. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12-04-2024ലെ കത്ത്.
4. 2543 dtd. 28-10-2023 നമ്പർ ആധാരത്തിന്റെ പകർപ്പ്.
5. ഫയൽ നമ്പർ 494/2024ന്റെ ഫയൽ കുറിപ്പുകൾ.

# കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്

13/05/2024 തീയതി നടന്ന സാധാരണയോഗത്തിലെ
1/4 നമ്പർ തീരുമാനം.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-03-2024ൽ നടന്ന സാധാരണ യോഗത്തിലെ 5(1) നമ്പർ തീരുമാനപ്രകാരം റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണം അദ്ധ്യായം X rule 62 പ്രകാരമുള്ള ആനുകൂല്യം നൽകുന്നതിന് റൂൾ 65 പ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ച് തീരുമാനിക്കുകയും ആയതിൽ അംഗമായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത്തിക്കര ബ്ലോക്കിന് കത്ത് നൽകിയിരുന്നെങ്കിലും KPBR 2019 Rule 65 പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ആവശ്യത്തിനായി പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ആവശ്യത്തിനായി KPBR Rule 65 പ്രകാരം പ്രത്യേക സമിതി രൂപീകരിച്ച് നൽകണമെന്ന് ബഹു. സർക്കാരിനോട് പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു.

(ഒപ്പ്)

സെക്രട്ടറി

പ്രസിഡൻ്റ്

//ശരിപകർപ്പ് //

BIJU. S.
Secretary
Kalluvathukkal Grama Panchay.
Kollam Dist:
0474-2572033, 9496041[illegible]